LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റബ്ബറിന്റെ വിലയിടിവാണ് സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നം.

(ബി)

(i) അന്താരാഷ്ട്ര വിപണിയിൽ ബ്ലോക്ക് റബ്ബറിന്റെ വിലയിടിവ്.

(ii) ചൈന, അമേരിക്ക, യൂറോപ്പ് എന്നീ രാജ്യങ്ങളിലെ സാമ്പത്തിക മാന്ദ്യംമൂലം സ്വാഭാവിക റബ്ബറിന്റെ ആവശ്യകതയിലുണ്ടായ കറവ്.

(iii) വളരെ കുറഞ്ഞ അളവിൽ മാത്രമേ ചൈന റബ്ബർ വാങ്ങുന്നുള്ളൂ.

(iv) സ്വാഭാവിക റബ്ബറിന്റെ അന്താരാഷ്ട്ര വിപണിയിലുള്ള വർദ്ധനവ്

(v) തായിലന്റിൽ സംഭരണം നടപ്പാക്കിയതുമൂലം സ്റ്റോക്കിലുള്ള വർദ്ധനവ്

(vi) എണ്ണ വിലയിലുണ്ടായ ഇടിവുമൂലം കൃത്രിമ റബ്ബർ വിലയിലുണ്ടായ ഇടിവ്

(vii) 2015, 2016 വർഷങ്ങളിൽ സ്വാഭാവിക റബ്ബറിന്റെ അധിക ലഭ്യതയെ സംബന്ധിച്ചുള്ള സൂചനകൾ

(സി) സ്വാഭാവിക റബ്ബറിന്റെ വിലയിടിവിനു കാരണം ആഗോള കരാറുകൾ മാത്രമാണെന്ന് പറയാൻ സാധിക്കില്ല. എങ്കിലും റബ്ബർ ഇറക്കുമതിക്ക് ഇൻഡോ ആസിയാൻ കരാർ സഹായകരമായി എന്നത് ഒരു വസ്തുതയാണ്.

(ഡി) 2009 ആഗസ്റ്റ് 13-നാണ് പ്രസ്തുത കരാർ ഒപ്പുവച്ചത്. 2010 ജനുവരി ഒന്നുമുതലാണ് ഇൻഡോ-ആസിയാൻ കരാർ പ്രാവർത്തികമായത്. 2009-ൽ നിലവിലുണ്ടായിരുന്ന കേന്ദ്രസർക്കാരിന്റെ കാലത്താണ് പ്രസ്തുത കരാർ ഒപ്പുവച്ചത്.

പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി

161 (1530) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷം എത്ര രൂപയാണ് ചെലവഴിച്ചത്;

(ബി) ഓരോ ജില്ലയിലും എത്ര പാടശേഖര സമിതികൾക്ക് സഹായധനം നൽകുകയുണ്ടായി ;

(സി) പാടശേഖര സമിതികൾക്ക് ധനസഹായം നൽകുന്നതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പാടശേഖര സമിതികൾക്ക് പ്രസ്തുത കാലയളവിൽ ധനസഹായം ലഭിച്ചുവെന്നും ഓരോ പാടശേഖര സമിതിക്കും എത്ര തുക വീതം ധനസഹായം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാടശേഖര സമിതിയുടെ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയിൽ 2014-15 സാമ്പത്തിക വർഷം 277.503 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.

(ബി) അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി)

1. 5 ഹെക്ടറോ അതിൽ കൂടുതലോ വിസ്തൃതിയുള്ള രജിസ്റ്റേഡ് ഗ്രൂപ്പ് ഫാമിങ്ങ് പാടശേഖര സമിതികൾ ആയിരിക്കണം.
2. ഒരു ഹെക്ടറിന് 200 രൂപ നിരക്കിൽ പരമാവധി 20,000 രൂപ വരെ ഒരു പാടശേഖര സമിതിക്ക് ധനസഹായം നൽകുന്നുണ്ട്.

(ഡി) കണ്ണൂർ ജില്ലയിൽ 311 പാടശേഖരങ്ങൾക്ക് പ്രസ്തുത കാലയളവിൽ ധനസഹായം നൽകിയിട്ടുണ്ട്. ഓരോ പാടശേഖരസമിതിക്കും നൽകിയ തുകയുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

റബ്ബർ കർഷകരുടെ പ്രതിസന്ധി

162 (1531) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) സ്വാഭാവിക റബ്ബർ ഉല്പാദനത്തിൽ ഉണ്ടായ വ്യത്യാസം കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകളുമായി താരതമ്യപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly